"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീമതി. ഗോപിക വി.ജി ക്ക് വേണ്ടി മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.485/2026/GEDN തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1 സ.ഉ(അച്ചടി) നം.04/2021/പൊ.വി.വ തീയതി 06/02/2021

2. സ.ഉ.(സാധാ.)നം.3287/2021/പൊ.വി.വ തീയതി 06.07.2021

3 കൊല്ലം ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ - ടെ 02/08/2022 തീയതിയിലെ ഹർജി.

4. സ.ഉ(പി)നം.2/2023/പൊവിവ തീയതി 23-01-2023

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15/01/2025 തീയതിയിലെ ഇ.റ്റി.5/14967/2022//ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് - ലെ ശ്രീമതി ഗോപിക വി.ജി യുടെ നിയമന അംഗീകാരം സംബന്ധിച്ച മാനേജർ പരാമർശം (3) പ്രകാരം ഹർജി സമർപ്പിച്ചിരുന്നു.

**2.മാനേജറുടെ ഹർജിയിലെ വാദം താഴെ പറയും പ്രകാരം ആയിരുന്നു.**

ശ്രീമതി. ഗോപിക വി.ജിയെ, ശ്രീമതി അതുല്യ ബി.എസ്.-നെ ശ്രീമതി ജി.ബീനയ്ക്ക് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് ക്രമീകരിച്ച ഒഴിവിൽ **15.07.2021** മുതൽ നിയമിച്ചത് പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ താഴെപ്പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിരസിച്ചു.

**1.** ശ്രീമതി അതുല്യ ബി.എസ്.-നെ, ശ്രീമതി ജി.ബീനയുടെ

പ്രഥമാദ്ധ്യാപികയായുള്ള സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിലേക്ക് ക്രമീകരിച്ചുകൊണ്ട് മാനേജർ പുറപ്പെടുവിച്ച ഉത്തരവ് സാധൂകരണത്തിനായി വകുപ്പിൽ സമർപ്പിക്കാത്തതിനാൽ ശ്രീമതി ഗോപിക വി.ജി.-യുടെ എച്ച്.എസ്.ടി.(ഗണിതം) ആയിട്ടുള്ള നിയമനം വ്യവസ്ഥാപിത ഒഴിവിൽ അല്ല.

2. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുതിയ ബോണ്ട് സമർപ്പിച്ചതിന് പ്രകാരം മുൻപു നടത്തിയിരുന്ന നിയമനങ്ങൾ പുനഃസമർപ്പിച്ച് അംഗീകാരം നേടിയ മാനേജർമാർ, സ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെകൊണ്ട് നികത്തണം എന്നാണെന്നും പുതിയ ബോണ്ട് സമർപ്പിച്ചതിൻ പ്രകാരം നിയമനങ്ങൾ അംഗീകരിച്ചു വാങ്ങിയ ശേഷം ഉണ്ടായ പുതിയ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച് പരാമർശങ്ങൾ ഒന്നും തന്നെയില്ല.

താഴെപ്പറയുന്ന കാരണങ്ങളാൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിച്ചതിന് ആധാരമായ വാദഗതി നിലനിൽക്കുന്നതല്ല.

പുതിയ ബോണ്ട് സമർപ്പിച്ചതിൻ പ്രകാരം മുൻപുനടത്തിവന്ന നിയമനങ്ങൾ പുനഃപരിശോധിച്ച് അംഗീകാരം നേടിയതിനു ശേഷം സ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെകൊണ്ട് നികത്തണമെന്ന് പരാമർശം (1) ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടേയില്ല. പരാമർശം (2) പ്രകാരം 2021-22 വർഷം എയിഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിൽ (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം) ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15.07.2021 മുതൽ മാനേജർ നിയമനം നടത്തണമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ പുനലൂർ ജില്ലാവിദ്യാഭ്യാസ ആഫീസർ നിയമനം നിരസിച്ച ഉത്തരവിൽ 06.02.2021-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനങ്ങൾ അംഗീകരിച്ചതിനു ശേഷമുണ്ടായ പുതിയ ഒഴിവുകളിൽ 15.07.2021 മുതൽ നിയമനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച പരാമർശങ്ങളില്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. മറ്റൊരു തടസ്സവാദം അതുല്യ ബി.എസിനെ ശ്രീമതി ജി.ബീനയ്ക്ക് പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതു മൂലമുണ്ടായ ഒഴിവിൽ ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് സാധൂകരണത്തിനായി സമർപ്പിച്ചിട്ടില്ല എന്നതാണ്. ആയത് പരിഹരിച്ചിട്ടുണ്ട്.

ശ്രീമതി ഗോപിക വി.ജി യു.പി.എസ്.ടി - യുടേത് പ്രൊമോഷൻ നിയമനമാണ്. ടിയാൾ 43 അവകാശിയായതിനാൽ നിയമനം പരിഗണനാർഹമാണ്. നിയമനം നിരസിച്ച ഉത്തരവ് 17.09.2021 തീയതി ആണെങ്കിലും സമന്വയയിൽ നിന്നും 10.10.2021 ലാണ് ലഭിച്ചത്. അപ്പീൽ നൽകാനുള്ള സമയം 25.10.2021-ൽ അവസാനിച്ചു. നിയമനം

നിരസിച്ചതിനുശേഷം 15 ദിവസത്തെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപ്പീൽ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ സാധിച്ചില്ല. അപ്പീൽ സമർപ്പിക്കുന്നതിന് നേരിട്ട കാലതാമസം മാപ്പാക്കി ശ്രീമതി ഗോപിക വി.ജി - യുടെ 15.07.2021 മുതലുള്ള എച്ച്.എസ്.റ്റി.(ഗണിതം) നിയമനം അംഗീകരിക്കുന്നതിനുവേണ്ട നിർദ്ദേശം പുനലൂർ ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നതാണ് ഹർജിയിലെ അപേക്ഷ.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

ശ്രീമതി ഗോപിക വി.ജി.-യെ ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ്-ൽ എച്ച്.എസ്.ടി (ഗണിതം) ആയി 15/7/21 മുതൽ ആണ് നിയമിച്ചത് 2019 -20 വർഷത്തെ അധിക തസ്തികയിൽ 21/8/19 മുതൽ അംഗീകൃത സേവനമുള്ള ടി സ്കൂളിലെ എച്ച്.എസ്.ടി.(ഗണിതം) അദ്ധ്യാപികയായ ശ്രീമതി അതുല്യ ബി.എസ്.-നെ, ശ്രീമതി ജി.ബീനയ്ക്ക് പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ എച്ച്.എസ്.റ്റി.(ഗണിതം) ഒഴിവിലേക്ക് ക്രമീകരിച്ചപ്പോൾ ഉണ്ടായ പരിണിത ഒഴിവിൽ (2019 -20 വർഷത്തെ അധിക തസ്തിക) ആണ് മേൽ നിയമനം നടത്തിയിട്ടുള്ളത്. താഴെ പറയുന്ന വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ശ്രീമതി ഗോപിക വി.ജി. യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ചിരിക്കുന്ന അപ്പീൽ പരിഗണനാർഹമല്ല എന്ന് കാണുന്നു.

A. സർക്കാരിൽ നിന്നുള്ള പരാമർശം (1) ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ സമർപ്പിച്ച സത്യവാങ്മൂല പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 2016-17 മുതൽ ഉണ്ടായ അധിക തസ്തികകളിൽ നിയമനം നടത്തി അംഗീകാരം നേടിയ തസ്തികകൾക്ക് തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിച്ചുകൊള്ളാം എന്നാണ്. 1:1 അനുപാതം പാലിച്ചുകൊണ്ട് സംരക്ഷിത അദ്ധ്യാപക നിയമനങ്ങൾ മാനേജർമാർ നടത്തുന്നത് സംബന്ധിച്ചുള്ള കേസ് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്നതിനാൽ ശ്രീമതി ഗോപിക വി.ജി - യുടെ നിയമനം പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതായാണ് പുനലൂർ ജില്ലാവിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്

B. പരാമർശം (1) ലെ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടതിനു ശേഷമാണ് ശ്രീമതി ഗോപിക.വി.ജി - യുടെ നിയമനം മാനേജർ നടത്തിയിരിക്കുന്നത്. അതായത് 15/07/2021-ൽ പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോണ്ട് സമർപ്പിച്ചു. 2016-17 മുതൽ ഉണ്ടായ അധിക തസ്തികകളിൽ നടത്തിയ എല്ലാ നിയമനങ്ങൾക്കും അംഗീകാരം നേടിയ എ.പി.പി.എം.വി.എച്ച്.എസ്.എസ് ആവണീശ്വരം മാനേജർ അതിനു ശേഷം നടത്തുന്ന നിയമനങ്ങളിൽ തത്തുല്യ

എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാൻ ബാധ്യസ്ഥനാണ്.

C. 12/01/2010 ലെ സ.ഉ.(പി) 10/10 ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ചുള്ള പരാമർശം (1) ലെ ഉത്തരവിലെ പരാമർശം ഈ നിയമനത്തിൽ ബാധകമല്ല.

D. പരാമർശം (1) ലെ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ബോണ്ട് സമർപ്പിച്ചു 2016-17 മുതൽ ഉണ്ടായ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നേടിയ എ.പി.പി.എം. വി.എച്ച്.എസ്.എസ്. ആവണീശ്വരം മാനേജർക്ക് പരാമർശം (2) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ ആനുകൂല്യം ലഭിക്കുകയില്ല.

E. പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്ന് 22/09/2021-ൽ നിയമനം നിരസിച്ചുകൊണ്ടുള്ള ഉത്തരവ് നൽകിയെങ്കിലും എ.പി.പി.എം.വി.എച്ച്.എസ്.എസ്. ആവണീശ്വരം മാനേജർ സമന്വയയിൽ നിന്നും ഡൌൺലോഡ് ചെയ്തത് 11/10/2021-ൽ മാത്രമാണ്. ആയതിനാൽ അത് സംബന്ധിച്ച് അപ്പീലിൽ പറയുന്ന കാര്യങ്ങളും പരിഗണനാർഹമല്ല.

F. ശ്രീമതി അതുല്യ ബി.എസ്. നെ ശ്രീമതി ജി.ബീനയുടെ പ്രഥമാദ്ധ്യാപികയായുള്ള സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിലേക്ക് ക്രമീകരിച്ചു കൊണ്ട് മാനേജർ പുറപ്പെടുവിച്ച ഉത്തരവ് സാധൂകരണത്തിനായി വകുപ്പിൽ സമർപ്പിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീമതി ഗോപിക വി.ജി.-യുടെ എച്ച്.എസ്.ടി. (ഗണിതം) ആയിട്ടുള്ള നിയമനം വ്യവസ്ഥാപിത ഒഴിവിൽ അല്ല.

4.സർക്കാർ ഈ വിഷയം ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2019 - 20 വർഷത്തെ അധിക തസ്തികയിൽ 21/8/2019 മുതൽ അംഗീകൃത സേവനമുള്ള ടി സ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി അതുല്യ ബി.എസ് -നെ, ശ്രീമതി ജി.ബീനയ്ക്ക് പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ എച്ച്.എസ്.റ്റി (ഗണിതം) ഒഴിവിലേക്ക് ക്രമീകരിച്ചപ്പോൾ ഉണ്ടായ ഒഴിവിലാണ് അതേ സ്കൂളിലെ യു.പി.എസ്.റ്റി ആയ ശ്രീമതി ഗോപികയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

പരാമർശം (4) ഉത്തരവിലെ ഖണ്ഡിക (V) പ്രകാരം "2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധികതസ്തികകളിലെ ഒഴിവുകളിൽ 2019-2020-നു ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാനേജർ പരാമർശം (1)-ലെ ഉത്തരവ് പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ അത്തരം നിയമനങ്ങൾക്കും, അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ,

നിയമനത്തീയതി മുതൽ തന്നെ നോഷണലായി അംഗീകാരം നൽകാവുന്നതാണ്." എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടിയാൾ ചട്ടം 43 അവകാശിയാണ്. അതുകൊണ്ടു തന്നെ പരാമർശം ഒന്നിലെയും നാലിലെയും ഉത്തരവുകൾ ടിയാൾക്ക് ബാധകമാക്കേണ്ടതില്ല എന്നു കാണുന്നു.

പരാമർശം (4) ലെ ഉത്തരവിൽ 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിലുണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ,മരണം തുടങ്ങിയവ) അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15.07.2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒരു അധികതസ്തിക സൃഷ്ടിക്കപ്പെട്ടാൽ അത് തുടർച്ചയായി 3 വർഷം അധികതസ്തികയായി തന്നെയാണ് നിലനിൽക്കുന്നത്. അപ്രകാരമെങ്കിൽ 2019 - 20 ൽ നിലവിൽ വന്ന അധിക തസ്തിക, 2023-24 അക്കാദമിക വർഷം മാത്രമേ റഗുലർ തസ്തികയായി മാറുന്നുള്ളു. കൂടാതെ പരാമർശം (4) ഉത്തരവിലെ ഖണ്ഡിക (Vii) പ്രകാരം "കെ.ഇ.ആർ അദ്ധ്യായം XIV A, ചട്ടങ്ങൾ 43,51A,51B പ്രകാരമുള്ള അവകാശികൾക്കു വിധേയമായി മാത്രമാണ് പ്രൈമറി സ്കൂളുകളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് അനുവദിക്കുന്ന അധിക എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി തസ്തികകളിലെ ഒഴിവുകളിൽ, കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7 (1) പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടത്. ഇത്തരം തസ്തികകളിൽ ഒരിക്കൽ നിയമിക്കപ്പെട്ട ചട്ടം 43/51A/51B അവകാശിയെ പിന്നീട് സ്കൂളിൽ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അപ്രകാരമുള്ള നിർദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതില്ല." എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

5.മേൽ സാഹചര്യത്തിൽ ശ്രീമതി ഗോപിക വി.ജി ചട്ടം 43 അവകാശിയാണെന്നതിനാൽ, ശ്രീമതി അതുല്യ ബി.എസ് - നെ ശ്രീമതി ജി.ബീനയുടെ പ്രഥമാദ്ധ്യാപികയായുള്ള സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിലേക്ക് ക്രമീകരിച്ചു കൊണ്ട് മാനേജർ പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കുന്ന മുറയ്ക്ക് , മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി ഗോപികയുടെ നിയമനം 15.07.2021 മുതൽ അംഗീകരിക്കാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദേശം നൽകി അപ്രകാരം കൊല്ലം ആവണീശ്വരം എ.പി.പി.എം.വി.എച്ച്.എസ്.എസ് മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ഗോപിക വി.ജി, എച്ച്.എസ്.ടി. (ഗണിതം), എ.പി.പി.എം.വി.എച്ച്.എസ്.എസ് , ആവണീശ്വരം, കൊല്ലം
കോർപ്പറേറ്റ് മാനേജർ, എ.പി.പി.എം.വി.എച്ച്.എസ്.എസ് , ആവണീശ്വരം, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/304/2025-G.EDN dated : 23/09/2025)
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 17-01-2026 17:02:21
സെക്ഷൻ ഓഫീസർ